പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1395 30.09.2011 - ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കാമോ; | (എ) കുട്ടനാട് വെറ്റ്ലാന്റ് സിസ്റ്റത്തിന്റെ വികസനത്തിനായി എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള 50 വിവിധ പ്രവൃത്തികളിൽ 47 എണ്ണത്തിന്റെയും വിശദമായ പദ്ധതിരേഖകൾ വിവിധ വകുപ്പുകൾ മുഖേന തയ്യാറാക്കിയിട്ടുണ്ട്. തണ്ണീർമുക്കം ബണ്ടിന്റേയും തോട്ടപ്പള്ളി സ്പിൽ വേയുടേയും നവീകരണത്തിനായിട്ടുള്ള എഐറ്റി ചെന്നെയും സി.ഡബ്ളിയു ആർഡി.എം കോഴിക്കോടും സംയുക്തമായി തയ്യാറാക്കിയ അന്തിമ പഠന പദ്ധതിരേഖകൾ തയ്യാറാക്കി വരുന്നു. ഏ.സി.കനാൽ നിർമ്മാണത്തിനുള്ള വിശദമായ പദ്ധതിറിപ്പോർട്ട് ടി കനാലിന്റെ നവീകരണ സാധ്യതയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതി യുടെ റിപ്പോർട്ട് ലഭിച്ച ശേഷം പൂർത്തികരിക്കുന്നതാണ്. |

നാളിതുവരെ 3406.28 കോടി രൂപയുടെ പദ്ധതികൾക്ക് ഡി.പി. ആറുകൾ സമർപ്പിച്ചതിൽ 1292.6 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 83.54കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും, 53.73കോടിരൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്. അനുബന്ധ വകുപ്പുകൾ വിവിധ സ്കീമുകളിൽ പ്പെടുത്തിതാഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1 24 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം

2 സി.ഡി. ബ്ലോക്ക്റാണി-ചിത്തിര കായലുകൾ വഴിയുള്ള നീരൊഴുക്ക് സുഗമമാക്കി വെള്ളപ്പൊക്ക നിയന്ത്രണ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി

3 കാർഷിക യന്ത്രങ്ങൾ വാങ്ങൽ

4 ഓണാട്ടുകരയിലെ ഒന്നാം നെൽക്കൃഷി

5 കുട്ടനാട്ടിലെ വിത്തുല്പാദനം, വിതരണം, സംഭരണം

6 അഗ്രിക്ലിനിക്കുകൾ സ്ഥാപിക്കൽ

7 കുട്ടനാട്ടിലെ നാളികേരകൃഷി പുനരുദ്ധാരണം

8 കുട്ടനാട്ടിലെ ഹോർട്ടികൾച്ചർ വികസനം.

9 കേരളാ കാർഷിക സർവ്വകലാശാലയുടെ ഗവേഷണം ശക്തിപ്പെടുത്തൽ

10 കർഷകർക്കായി അത്യുത്പാദന ശേഷിയുള്ള കറവപ്പശുക്കളുടേയും ആടുകളുടേയും ഇറക്കുമതി

11 നെല്ല്-മത്സ്യക്കൃഷി സംയോജനം, ഗ്രൂപ്പ് അടിസ്ഥാനത്തിൽകൂടുകളിൽകരിമീൻ കൃഷി,മത്സ്യസാങ്ചറികൾ സ്ഥാപിക്കൽ.

12 വേമ്പനാട് കായലിന്റെ തീരങ്ങളിൽ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കൽ.

13 കുട്ടനാട്ടിലെ ജലാശയങ്ങളിലെ മുഴുവൻ പോളയും നീക്കിഅവയെഉപയോഗ പ്രദമാക്കുക

| | |
|---|---|
| ബി) ഈ പാക്കേജിലുള്ള പദ്ധതികൾ സമയബന്ധിതമായിനടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ